5. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി, എറണാകുളം.

6. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, തിരുവല്ല.

7. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.

8. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം.

(ഇ) സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 200 സീറ്റു വീതവും കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ 100 സീറ്റു വീതവും ഉണ്ട്. കൂടാതെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 100 സീറ്റു വീതം 8 മെഡിക്കൽ കോളേജുകളിലായി 800 സീറ്റുകളുമാണുള്ളത്. ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ 100 സീറ്റുണ്ട്.

(എഫ്) സർക്കാർ മെഡിക്കൽ കോളേജുകളിലെ അഖിലേന്ത്യാ ക്വാട്ടയിലുള്ള 105 സീറ്റുകളും നാമനിർദ്ദേശം ചെയ്യുന്ന 29 സീറ്റുകളുമൊഴികെ 566 സീറ്റുകളിലേക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സീറ്റിലേക്കും (ഈ വർഷം 400 സീറ്റ്) സർക്കാർ നേരിട്ട് വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രതിവർഷം കോഷൻ ഡെപ്പോസിറ്റ് 12,225 രൂപ ഫീസായി ഈടാക്കുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിർദ്ദേശിച്ച 1,13,000 രൂപയും ഫീസായി ഈടാക്കുന്നു. ഈ കോളേജുകളിൽ പരമാവധി 10,000 രൂപ കോഷൻ ഡെപ്പോസിറ്റായി നൽകണം.

(ജി) സ്വകാര്യ മാനേജ്മെന്റുകൾ നിലവിലുള്ള സീറ്റിന്റെ 50% സീറ്റുകളിലേക്ക് (8 കോളേജുകളിൽ 400 സീറ്റ്) പ്രവേശനം നൽകുന്നു. ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരം പ്രതിവർഷം 1,13,000 രൂപയാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ്. (ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ള 100 സീറ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരുന്നില്ല.)

(എച്ച്) മാനേജ്മെന്റ് സീറ്റിലെ സംവരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

69 [1776] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യൂണിവേഴ്സിറ്റിയിലെ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് ഏതെല്ലാം കോളേജുകളിലാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോഴ്സ് പാസ്സായവർക്ക് എവിടെയെല്ലാമാണ് നിയമനം നൽകുന്നത്;

(സി) ഈ കോഴ്സ് പാസ്സായവർക്ക് ജില്ലാ ആശുപത്രികളും മെഡിക്കൽ കോളേജുകളും ഒഴികെ ഇതര ആശുപത്രികളിൽക്കൂടി നിയമനം നൽകുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഗാന്ധിനഗർ പി. ഒ., കോട്ടയം എന്ന സ്ഥാപനത്തിൽ മാത്രമാണ് എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ ഈ കോഴ്സ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ഈ കോഴ്സ് പാസ്സായവർക്ക് സർക്കാർ നിയമനം ഇപ്പോൾ ലഭ്യമല്ല.

(സി) & (ഡി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ഔഷധ നിർമ്മാണശാലകളും ലൈസൻസും

70 [1779] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആയുർവേദ, സിദ്ധ, യുനാനി വിഭാഗങ്ങളുടെ ലൈസൻസിംഗ് സമ്പ്രദായം നിലവിൽ കാര്യക്ഷമമാണോ; പ്രസ്തുത ജോലികൾ സമയപരിധിക്കുള്ളിൽ നിർവഹിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

(ബി) ഔഷധ നിർമ്മാണ സ്ഥാപനങ്ങളുടെ ലൈസൻസുകൾ യഥാസമയം പുതുക്കി നൽകുന്നുണ്ടോ; എങ്കിൽ 2005-2006-ൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്;

(സി) കേരളത്തിൽ ആകെ എത്ര ആയുർവേദ, സിദ്ധ, യുനാനി ഔഷധ നിർമ്മാണശാലകൾ നിലവിലുണ്ട്; അതിൽ എത്ര എണ്ണത്തിന് ജി.എം.പി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാര്യക്ഷമമാണ്. പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly